ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്
യു.എ.ഇ. റീജിയന്റെ
ഔദ്യോഗിക
പ്രസിദ്ധീകരണം

ശാരോൻ ട്രമ്പെറ്റ്
യു.എ.ഇ. റീജിയന്റെ കാഹളശബ്ദം

മെയ്
2024

# ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് യു.എ.ഇ റീജിയനു പുതിയ നേതൃത്വം


പാസ്റ്റർ ജോൺസൺ ബേബി


പാസ്റ്റർ ഗിൽബർട്ട് ജോർജ്ജ്


പാസ്റ്റർ Dr. ഷിബു വർഗീസ്


പാസ്റ്റർ സന്തോഷ് സെബാസ്റ്റ്യൻ


പാസ്റ്റർ ബിജി ഫിലിപ്പ്


ബ്രദർ ബിജു തോമസ്


ബ്രദർ സാം വർഗീസ്


ബ്രദർ ബെൻസൺ ജോർജ്ജ്


ബ്രദർ അസറിയ മാത്യു


ബ്രദർ സോജിത് സജി


ബദർ ബിനോയ് തോമസ്


ബ്രദർ ബ്ലസ്സൻ ലൂക്കോസ്


ബ്രദർ ഷാജി എബ്രഹാം


പാസ്റ്റർ ബ്ലസ്സൻ ജോർജ്ജ്


ബ്രദർ ജോമോൻ ബേബികുട്ടി


ബ്രദർ എബി മാത്യു


ബ്രദർ റോക്കി സാം


ബ്രദർ സാം പി മത്തായി


ബ്രദർ ടൈറ്റസ് പൊടിക്കുഞ്ഞ്


ബ്രദർ സ്റ്റിനു തോമസ്

ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ യുഎഇ റീജിയൻ ജനറൽബോഡി മീറ്റിംഗ് 2024 ഫെബ്രുവരി മാസം എട്ടാം തീയതി ജബൽ അലി ക്രൈസ്റ്റ് ചർച്ചിൽ വെച്ച് നടത്തപ്പെടുകയും വിവിധ പുത്രികാ സംഘടനകളുടെ പുതുവർഷത്തിലെ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ യുഎഇ റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജോൺസൺ ബേബിയും സെക്രട്ടറി പാസ്റ്റർ ഗിൽബർട്ട് ജോർജും വിവിധ സംഘടനകളുടെ രക്ഷാധികാരികളായി പ്രവർത്തിക്കും. റീജിയൻ ട്രഷററായി ബ്രദർ ബിജു തോമസും റീജിയൻ ജോയിൻ ട്രഷററായി ബ്രദർ സാം വർഗീസും ജനറൽ ഓഡിറ്റർ സ്ഥാനത്തേക്ക് ബ്രദർ ബെൻസൺ ജോർജും തിരഞ്ഞെടുക്കപ്പെട്ടു.

യുവതീ യുവാക്കളുടെ പ്രസ്ഥാനമായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെ പ്രസിഡണ്ടായി പാസ്റ്റർ സന്തോഷ് സെബാസ്റ്റിനും സെക്രട്ടറിയായി ബ്രദർ അസറിയ മാത്യുവും അസോസിയേറ്റ് സെക്രട്ടറിയായി ബ്രദർ സോജിത് സജിയും ട്രഷററായി ബ്രദർ ബിനോയ് തോമസും തിരഞ്ഞെടുക്കപ്പെട്ടു. മറ്റു ഭാരവാഹികൾ: ബ്രദർ ഷാജി എബ്രഹാം (ജോയിന്റ് ട്രഷറർ) ബ്രദർ നിഷാദ് ഫിലിപ്പ്, ബ്രദർ ബ്ലസ്സൻ ലൂക്കോസ് (എക്സിക്യൂട്ടീവ് മെമ്പേഴ്സ്)

യുഎഇ ശാരോൻ ഫെല്ലോഷിപ്പ് സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ഡയറക്ടറായി പാസ്റ്റർ ബ്ലസ്സൻ ജോർജും സെക്രട്ടറിയായി ബ്രദർ ബ്ലസ്സൻ ലൂക്കോസും ട്രഷററായി ബ്രദർ ജോമോൻ ബേബികുട്ടിയും തിരഞ്ഞെടുക്കപ്പെട്ടു. മറ്റു ഭാരവാഹികൾ: ബ്രദർ എബി മാത്യു (എക്സാം കൺട്രോളർ), ബ്രദർ റോക്കി സാം (ജനറൽ കോർഡിനേറ്റർ), ബ്രദർ സാം പി മത്തായി (കമ്മിറ്റി മെമ്പർ)

മീഡിയ ടീമിന്റെ ഡയറക്ടറായി പാസ്റ്റർ Dr. ഷിബു വർഗീസും ട്രമ്പറ്റ് ചീഫ് എഡിറ്ററായി പാസ്റ്റർ ബിജി ഫിലിപ്പും മീഡിയ സെക്രട്ടറിയായി ബ്രദർ റോബിൻ മാത്യുവും മീഡിയ കോർഡിനേറ്റർ ആയി ബ്രദർ ടൈറ്റസ് പൊടിക്കുഞ്ഞും വെബ്സൈറ്റ് ഇൻചാർജ് ആയി ബ്രദർ സ്റ്റിനു തോമസും തിരഞ്ഞെടുക്കപ്പെട്ടു.

ADVISORY BOARD

Pastor Johnson Baby
Pastor Gilbert George

**Media Director**
Pastor Dr. Shibu Varghese

**Chief Editor**
Pastor Biji Philip

**Media Co-ordinator**
Bro. Titus Podikkunju

**Website Incharge**
Bro. Stinu Thomas




## എഡിറ്റോറിയൽ



# അവിടുത്തെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും...



പാസ്റ്റർ ബിജി ഫിലിപ്പ്
ചീഫ് എഡിറ്റർ

**കാ**ണപ്പെടുന്ന മനുഷ്യനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്തത് ആയിട്ടുള്ള ദൈവത്തെ സ്നേഹിക്കുക വിഷമകരമാണല്ലോ, ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുകയും തന്റെ സഹോദരനെ പകയ്ക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു എന്നത്രേ അപ്പോസ്തോലൻ പറയുന്നത്. സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങളും പ്രാപിച്ചു മുന്നേറാനുള്ള ഓട്ടത്തിനിടയിൽ നമ്മിൽ പലരും ഭൂമിയിലെ മാനുഷീക ബന്ധങ്ങളെ നിലനിർത്തുന്നതിൽ പരാജയപ്പെട്ടു പോകുന്നു. യാക്കോബ് അപ്പോസ്തോലൻ തന്റെ ലേഖനത്തിൽ പറയുന്നത് നാം ഒരിക്കലും വിസ്മരിച്ചു കൂടാ "പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്ന് കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതെ വണ്ണം തന്നെത്താൻ കാത്തു കൊള്ളുന്നതും ആകുന്നു" ഉയരത്തിലുള്ളത് ചിന്തിക്കുന്നതും സർവ്വശക്തനായ ദൈവത്തിൽ നിന്ന് പ്രാപിക്കുന്നതും നല്ലതുതന്നെയെങ്കിലും സ്വർഗീയമായ അനുഭവങ്ങൾ സ്വീകരിച്ചു ഭൂമിയിലെ ജീവിതത്തിൽ പ്രയോഗികമാക്കുന്നതിൽ പലരും പരാജയപ്പെടുന്നു. ഏതു വിധേനയെങ്കിലും ഉയർന്ന പദവികളും സ്ഥാനമാനങ്ങളും, സുഖസമൃദ്ധിയും സമ്പത്തും അംബര ചുംബിയായ സൗധങ്ങളും ഭൗതീകമായ മറ്റു അനുഗ്രഹങ്ങളും പ്രാപിച്ചെടുക്കാനുള്ള വ്യഗ്രതയിൽ എരിവേറിയ പ്രാർത്ഥനകളും ഉപവാസങ്ങളും ഉണർവ്വ് യോഗങ്ങളും ഒക്കെ ആയി നാം മുന്നേറുമ്പോൾ സഹജീവികളോടുള്ള നമ്മുടെ സ്നേഹം, കരുതൽ നമ്മിൽ നിന്ന് പതിയെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

സാധുശീലനും കൂടാരവാസിയും ആയിരുന്ന യാക്കോബ് ചെറുപ്പം മുതലേ ഉപായിയും സ്വന്ത താൽപര്യങ്ങൾ നേടുന്നതിൽ വിദഗ്ധനും ആയിരുന്നു. അവന്റെ ശ്രദ്ധ മുഴുവൻ ലൗകിക കാര്യങ്ങളിൽ പതിഞ്ഞിരിക്കുന്നതായി കാണാം. സ്വന്ത സഹോദരനായഏശാവിനു രുചികരമായ ചുവന്ന പായസം നൽകി ജ്യേഷ്ഠവകാശം കരഗതമാക്കുകയും കാഴ്ച നഷ്ടപ്പെട്ട പിതാവായ യിസഹാക്കിനെ ഇഷ്ട ഭോജനം നൽകി വഞ്ചിച്ചു പ്രതിഫലമായി ആകാശത്തിന്റെ മഞ്ഞും ഭൂമിയുടെ പുഷ്ടിയും അനവധി ധ്യാനവും ലഭിക്കട്ടെ എന്നുള്ള പിതാവിന്റെ അന്തിമമായ അനുഗ്രഹങ്ങളും നേടുകയും ചെയ്തു. അമ്മയായ റിബേക്കയുടെ ഉപദേശപ്രകാരം അവൻ പദ്ധനാരിമിലേക്കു പുറപ്പെട്ടു ഓടിപ്പോയി. ഈ സമയത്ത് എല്ലാം യാക്കോബ് പ്രാർത്ഥിക്കുന്നവനും നേർച്ചകൾ കഴിക്കുന്നവനും ദൈവത്തോട് താല്പര്യം ഉള്ളവനുമായിരുന്നു. ദൈവം എന്നോട് കൂടെ ഇരിക്കുകയും ഞാൻ പോകുന്ന യാത്രയിൽ എന്നെ കാക്കുകയും ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും എനിക്ക് തരികയും എന്നെ അപ്പന്റെ വീട്ടിലേക്ക് സൗഖ്യത്തോടെ മടക്കിവരുത്തുകയും ചെയ്യുമെങ്കിൽ യഹോവ എനിക്ക് ദൈവമായിരിക്കും നീ എനിക്ക് തരുന്ന സകലത്തിനും ഞാൻ നിനക്ക് ദശാംശം തരും ഇതായിരുന്നു യാക്കോബിന്റെ ഉറച്ച തീരുമാനം.

അസ്തമന സമയത്ത് ഒരു കല്ല് തലയണയായി വെച്ച് കിടന്നുറങ്ങുമ്പോൾ അവൻ ഒരു സ്വപ്നം കണ്ടു, ഇതാ ഭൂമിയിൽ വച്ചിരിക്കുന്ന കോവണി അതിന്റെ തല സ്വർഗത്തോളമെത്തിയിരുന്നു. അവൻ കണ്ട സ്വപ്നത്തിന്റെ പ്രിത്യേകത കോവണിയുടെ തല സ്വർഗത്തോളം എത്തിയിരുന്നെകിലും അത് ഉറപ്പിക്കപ്പെട്ടിരുന്നത് ഭൂമിയിൽ ആയിരുന്നു എന്നുള്ളതാണ്. ദൈവത്തിന്റെ ദൂതന്മാർക്ക് അതിൽ കൂടെ കയറുന്നതിന്, ഇറങ്ങുന്നതിന് സൗകര്യമുണ്ടായിരുന്നു. അല്പകാലം മാത്രമുള്ള ഈ മരുപ്രയാണകാലത്തിൽ സ്വർഗത്തിൽ നിന്നും പ്രാപിക്കുന്നത് മാത്രമല്ല, ഭൂമിയിൽ ഉള്ള നമ്മുടെ മാനുഷീക സാഹോദര്യ കൂട്ടായ്മ ബന്ധങ്ങൾ കൂടെ ഉറപ്പുള്ളതാണെന്ന് നാം നിശ്ചയമുള്ളവരായിരിക്കണം. ലാബാന്റെ ഭവനത്തിൽ ദൈവം അവനെ ഉയർത്തി. അവൻ മഹാസമ്പന്നനായി അവനു വളരെ ആടുകളും ദാസി ദാസന്മാരും ഒട്ടകങ്ങളും കഴുതകളും ഉണ്ടാകുകയും ചെയ്തു, പക്ഷേ ധനം സമ്പാദിച്ചു എങ്കിലും ലാബാന്റെ പുത്രന്മാരുടെ വിദ്വേഷത്തിനും അവൻ കാരണക്കാരനായി. ലാബാനുമായും പുത്രന്മാരുമായും നല്ല ബന്ധം നഷ്ടം ആയ യാക്കോബ് ആ സ്ഥലത്തുനിന്ന് സ്വസ്ഥതയില്ലാതെ വീണ്ടും മടങ്ങുന്നു. അത് മാത്രമല്ല ഏശാവ് വന്നെല്ലാം നശിപ്പിച്ചേക്കും എന്നുള്ള ഭയം അവനെ പിടികൂടി. തനിക്കുള്ളതെല്ലാം യബോക് കടവിന് അക്കരെ നിർത്തിയശേഷം അവൻ തനിയെ ശേഷിച്ചു. ഉഴസ്സാകും വരെ ദൈവദൂതനുമായി അവനു മല്ലു പിടിക്കേണ്ടി വരുകയും അവസാനത്തിൽ മർമ്മ സ്ഥാനത്ത് തൊടുമ്പോൾ താനാരാകുന്നു എന്ന സത്യം ദൈവ സന്നിധിയിൽ വ്യവസ്ഥ കൂടാതെ സമ്മതിക്കുകയും യാക്കോബ് ഇസ്രായേൽ ആയി രൂപാന്തരപ്പെടുകയും ചെയ്തു. കോവണിയുടെ അടിസ്ഥാനം ഉറച്ചിട്ടില്ലെങ്കിൽ ഭൂമിയിൽ നിന്ന് സ്വർഗത്തിലേക്ക് കയറുന്നതു വിഷമകരം ആയിരിക്കുമെന്നുള്ള സത്യം ദൈവം അവനെ പഠിപ്പിക്കുകയായിരുന്നു. യാക്കോബ് ഭൂമിയിലെ തന്റെ ബന്ധങ്ങൾ നിരപ്പാക്കി തന്റെ കോവണി ഉറപ്പിക്കുന്നു. ലാബാനോടും പിന്നത്തേതിൽ ഏശാവിനോടും പരസ്പരം ക്ഷമ ചോദിച്ചു ചുംബിക്കുന്നു. നമുക്കും എന്ത് വിലകൊടുത്തും ബന്ധങ്ങൾ മടക്കി പ്രാപിക്കാം, ഭൂമിയിലെ കോവണി ഉറപ്പിക്കാം, ഉറപ്പിച്ച കോവണി ചവിട്ടിക്കയറി ഉയരത്തിലെ ആത്മീക നന്മകൾ പ്രാപിക്കാം. അമോസ് പ്രവാചകൻ ജനത്തോട് പറയുന്നത് ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോട് പോലെയും കവിഞ്ഞൊഴുകട്ടെ എന്നാണ്. വീണാ നാദത്തോടുയുള്ള സംഗീതത്തെയും അർത്ഥമില്ലാത്ത സൂത്ര യാഗത്തെയും പ്രവാചകൻ അപലപിക്കുന്നു. കോഴ വാങ്ങുന്നതിനെ പ്രവാചകൻ കഠിനമായി ശാസിക്കുന്നു. മീഖാ പ്രവാചകൻ പ്രതിപാദിക്കുന്നതും അത് തന്നെയാണ്, മനുഷ്യാ നല്ലതെന്തെന്ന് അവൻ നിനക്ക് കാണിച്ചു തന്നിരിക്കുന്നു ന്യായം പ്രവർത്തിക്കാനും ദയാ തൽപരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടക്കാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോട് ചോദിക്കുന്നത്. ദാരിദ്ര്യത്തെയും ഉച്ചനീചത്വങ്ങളെയും സാമ്പത്തീക അസമത്വങ്ങളേയും ഉന്മൂലനം ചെയ്യാൻ വെമ്പലോടെ ആയിരിക്കുന്ന ഒരു കൂട്ടം ഈ കാലഘട്ടത്തിൽ എവിടെ എഴുന്നേറ്റാലും ആ സംരംഭത്തെ പ്രോത്സാഹിക്കുവാനും അവരോടൊപ്പം അതിൽ പങ്കാളികൾ ആകുവാനും നാം അതീവ ജാഗരൂഗരായിരിക്കേണ്ടത് അനിവാര്യമാണ്, അപ്പോഴാണ് കോവണി ഭൂമിയും സ്വർഗ്ഗവും തമ്മിൽ ബന്ധിക്കപ്പെടുന്നതും അവിടുത്തെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകുന്നതും.

REGION PRESIDENT DESK

# യഥാർത്ഥത്തിൽ ഞാൻ ആരാണ്?



പാസ്റ്റർ ജോൺസൺ ബേബി

‘‘അഹങ്കാരികളായ മനുഷ്യർ മറ്റുള്ളവരുടെ തെറ്റിനെ ഒരു ജഡ്ജിയെപ്പോലെ ഇരുന്ന് വിധി പറയും എന്നാൽ സ്വന്തം തെറ്റിനെ ഒരു വക്കീലിനെപ്പോലെ വാദിച്ച് ന്യായീകരിക്കും’’. ഒരു ചിന്തകന്റെ വരികളാണ്. ‘‘എനിക്ക് ഏറ്റവും കൂടുതൽ അറിയാവുന്ന ആൾ ഞാൻ തന്നെ.’’ ഇത് എത്രത്തോളം ശരിയാണെന്ന് നാം പരിശോധിക്കുന്നത് സ്വയം തിരിച്ചറിയാൻ നമ്മെ സഹായിക്കും. അതുവഴി, നാം മറ്റുള്ളവരോട് പെരുമാറുന്ന രീതി പരീക്ഷിച്ച് അന്യർക്ക് കൂടുതൽ സ്വീകാര്യനാകും. സൗഹൃദങ്ങളും മെച്ചപ്പെടും.

**ഞാൻ ആര് എന്നതിന് നാല് ഉത്തരങ്ങൾ ഉണ്ട്.**

1. ഞാൻ ഏത് തരക്കാരനെന്ന് ഞാൻ ചിന്തിക്കുന്നത്.
2. ഞാൻ ഏത് തരക്കാരനെന്ന് അന്യരെ ബോധ്യപ്പെടുത്താൻ ഞാൻ ശ്രമിക്കുന്നത്.
3. ഞാൻ ഏത് തരക്കാരനെന്ന് അന്യർ ചിന്തിക്കുന്നത്.
4. യഥാർത്ഥത്തിൽ ഞാൻ ആര് എന്നത്.

ഇത് നാലും വ്യത്യസ്തമാണ്, ഞാൻ ആരെന്ന് ഞാൻ തിരിച്ചറിയണമെങ്കിൽ ഒന്നാമത്തേത് നാലാമത്തേതിനോട് കഴിയുന്നത്ര അടുത്ത് നിൽക്കണം. നാം സത്യത്തെ അംഗീകരിക്കാൻ ശ്രമിക്കണം. ‘‘എന്റെ തെറ്റുകൾ ഒന്നും തെറ്റല്ല , അന്യർക്ക് തെറ്റായി തോന്നുന്നതാണ’’ എന്ന വിചാരം നന്നല്ല. ഞാനെന്ന് ഭാവം ഉപേക്ഷിച്ചാൽ കാര്യങ്ങൾ എളുപ്പമാകും. നല്ലവനെന്ന് അന്യരെക്കൊണ്ട് ചിന്തിപ്പിക്കുകയല്ല, നല്ലവനായി ജീവിക്കുകയാണ് വേണ്ടത്.

‘‘ഞാനാര്’’എന്ന ചോദ്യം പുതിയതല്ല. ബി. സി എട്ടാം നൂറ്റാണ്ടിൽ ഗ്രീസിലെ ഡെൽഫിയയിൽ ഉണ്ടായിരുന്ന അപ്പോളോ ദേവാലയത്തിന്റെ പ്രവേശന കവാടത്തിൽ പ്രാധാന്യം നൽകി എഴുതി വച്ചിരുന്നത്, ‘‘നിന്നെ അറിയുക’’ എന്നാണ്. മഹാപണ്ഡിതൻമാരും, ദാർശനികരും എക്കാലവും ഇതേക്കുറിച്ച് ചിന്തിച്ചിരുന്നു.
‘‘നീയാര്? ഞാനാര്? എവിടെ നിന്നു വന്നു? എന്റെ അമ്മയാര്? അച്ഛനാര്? എന്നീ ചോദ്യങ്ങൾ ചോദിക്കാൻ ശങ്കരാചാര്യർ ആവശ്യപ്പെട്ടു. പ്രോയോഗിക ബുദ്ധിയുടെ തമ്പുരാനായ ചാണക്യൻ വിവേകത്തിന്റെ ഭാഷയിൽ നിർദ്ദേശിച്ചു. ‘കാലമേത്, മിത്രങ്ങൾ ആരെല്ലാം, ദേശമേത്, വരവുചിലവുകൾ എത്ര, ഞാനാര്, എന്റെ ശക്തിയെന്ത്? എന്നിവയെപ്പറ്റി വീണ്ടും വീണ്ടും ചിന്തിക്കണം



ഞാൻ കേമനാണ് എന്നോളം ബുദ്ധി മറ്റാർക്കുമില്ല. ഞാൻ പറയുന്നതുപോലും മനസ്സിലാക്കാൻ മറ്റുള്ളവർക്ക് കഴിവില്ല, എന്ന് ചിന്തിക്കുന്നവരുമുണ്ട്. അത് ശരിയല്ലെന്ന് ചിന്തിക്കുമ്പോഴാണ് വിവേകത്തിന്റെ പാതയിലേക്ക് കടക്കുക. പക്ഷെ ചിലർ ഇതിന്റെ അടിമകളാണ്. ഞാനാരെന്ന് ചിന്തിക്കാൻ ക്ഷമയില്ലെങ്കിൽ ഏറ്റവും വലിയ അപരിചിതൻ ഞാൻ തന്നെയായിരിക്കും. നിങ്ങൾ ഏറ്റവും കൂടുതൽ ഇടപെഴുകുന്നത് നിങ്ങളോട്, ഏറ്റവും കൂടുതൽ സംസാരിക്കുന്നത് നിങ്ങളോട്, അതുകൊണ്ട് നിങ്ങളെ നന്നായി മനസ്സിലാക്കിയിരിക്കണം.
ഷേക്സ്പിയർ ലിയർ രാജാവിനെക്കൊണ്ട് ആഴത്തിലുള്ള ചോദ്യം ചോദിപ്പിക്കുന്നുണ്ട്; who is it that can tellme who i am? രണ്ട് കാര്യങ്ങൾ ഇതിലുണ്ട്, ഞാനാര്? അത് വിലയിരുത്തി എന്നെ അറിയിക്കാൻ ആർക്കു കഴിയും? സങ്കീർത്തനങ്ങൾ 8:4 ൽ ‘‘മനുഷ്യനെ ഓർക്കാൻ മാത്രം അവൻ ആരാണ്?
ഫ്രഞ്ച് ദാർശനികൻ ഡിക്കാർട് പറഞ്ഞത്, ‘‘ഞാൻ ചിന്തിക്കുന്നു, അതിനാൽ ഞാനാണ്’’.

വഴിപാടിൽ ദൈവപ്രസാദം നേടിയവനെ കുത്തി മലർത്തിയ കയീനും, തെറ്റുകളുടെ കൂമ്പാരത്തിലും ന്യായീകരണം മാത്രം നടത്തി അഭിഷേകം നഷ്ടപ്പെട്ട ശൌലും, പള്ളിയിൽ മുഖ്യ പുരോഹിതവേഷം കെട്ടാനെത്തി സമ്മതിക്കാതിരുന്ന പുരോഹിതൻമാരെ കൊന്ന ഉസിയാവും. പാപത്തിന്റെ മടിയിൽ തല ചായ്ച്ച് ശക്തി ക്ഷയിച്ച ശിംശോനും, ദൈവം അയച്ചവരെക്കൊണ്ട് മതിൽ പണിയിക്കാതെ തടസ്സം നിന്ന സൻബല്ലത്തും, തോബിയാവും, മൂന്നരവർഷം കൂടെ നടന്നിട്ടും 30 വെള്ളിക്കാശിനെ ഗുരുവിനെ വിറ്റ യൂദായും. അധികാരത്തിന്റെ മത്ത് പിടിച്ച് ഒരു കുലത്തെ മുഴുവൻ മരണത്തിലേക്ക് തള്ളിവിടാൻ ശ്രമിച്ച ഹാമാനും, വിശുദ്ധൻമാരെ ദുർവാക്ക് പറഞ്ഞ് ശകാരിച്ച് സഭയിൽ പ്രധാനിയാകുവാൻ ആഗ്രഹിച്ച ദിയോത്രെഫെസും എന്നാൽ തങ്ങൾ ആരെന്ന് അറിയാതെ അഹന്തക്ക് അടിമപ്പെട്ട് തകർന്നു പോയവരാണ്.

സത്യസന്ധമായി നമ്മെ വിലയിരുത്തി സ്വയം ആരെന്നറിഞ്ഞ്, അഹന്ത കൂടാതെ ജീവിക്കുന്നതാണ് വിജയത്തിലേക്കുള്ള വഴിയെന്ന് ഓർക്കാം!!!.

# REGION SECRETARY DESK



പാസ്റ്റർ ഗിൽബർട്ട് ജോർജ്ജ്



## പ്രതിസന്ധിയിൽ പതറാത്ത പടയാളി

ലോകം മുഴുവനും അശാന്തി പടരുകയാണ് . യുദ്ധങ്ങളും ,പോർവിളികളും കൊണ്ട് ലോകം മലീമസമായിരിക്കുന്നു. ലോകത്തിലെ പ്രഥമ യുദ്ധമായി ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്ന, 318 അഭ്യാസികളുമായി അഞ്ചു രാജാക്കന്മാരോട് അബ്രഹാം നടത്തിയ യുദ്ധം തുടങ്ങി (ഉല്പത്തി 14: 14). ഏറ്റവും ഒടുവിലായി നടക്കാൻ പോകുന്ന ഹർമഗദോൻ, ഗോഗ് മാഗോഗ് യുദ്ധം വരെ , നടന്നതും നടക്കാനിരിക്കുന്നതുമായ അനേകം യുദ്ധങ്ങളുടെ പരമ്പര തന്നെ ലോകത്തിലുണ്ടായിട്ടുണ്ട് .ഇതിനൊക്കെ ഒരു അറുതി വരുന്നത് സമാധാന പ്രഭുവായ നമ്മുടെ കർത്താവ് ഭരണം ഏറ്റെടുക്കുമ്പോഴാണ്. ഇഹലോകത്തിൽ യുദ്ധം ഉള്ളതുപോലെ ആത്മീയ ലോകവും സംഘർഷഭരിതമാണ്. സർവ്വലോകവും ദുഷ്ടൻറെ അധീനതയിൽ കിടക്കുന്നു (1 John 5:19) . ദുഷ്ടൻറെ അധീനതയിൽ കിടക്കുന്ന ഈ ലോകത്തിലാണ് ദൈവമക്കളും ജീവിച്ചു വരുന്നത്. കർമ്മനിരതരായി മുന്നോട്ടു പോകുവാൻ ആഗ്രഹിക്കുന്ന ദൈവ സഭയോടും ദൈവജനത്തോടും ദുഷ്ടൻ എപ്പോഴും പോരാടി കൊണ്ടിരിക്കും. അല്പ വിശ്വാസികളോടോ, സംശയാലുക്കളോടോ , പിറുപിറുക്കുന്നവരോടോ അല്ല മറിച്ചു, ഉൽസാഹത്തോട്, നന്നായി കാര്യം നടത്തുവാൻ ആർക്ക് കഴിയുമോ അവരെയാണ് പിശാച് തകർത്തു കളയുന്നത്.

യോശുവയുടെ പുസ്തകം 5,6 അധ്യായങ്ങളിൽ യോർദാൻ കടന്ന് തന്റെ ജനം വാഗ്ദത്തദേശമായ കനാനിൽ എത്തി, ഇനി അവരുടെ മുൻപിൽ യുദ്ധങ്ങളും പിടിച്ചടക്കലുമാണ്. തങ്ങൾ അനുഭവിക്കേണ്ട കനാൻദേശം ഇപ്പോൾ ശത്രുവിന്റെ കൈകളിലാണ്.അത് പിടിച്ചെടുക്കാനുള്ള , യോശുവയുടെ നേതൃത്വത്തിലുള്ള ആദ്യത്തെ യുദ്ധം യെരിഹോവിനെ തകർത്തു കൊണ്ടായിരുന്നു . അവിടെ നാം വായിക്കുന്നത് ''ഇസ്രായേൽ നിമിത്തം യെരിഹോവിനെ അടച്ചു'' എന്നാണ്.പുറത്തുള്ള ഒരുത്തനും അകത്തു പോകുവാനോ അകത്തുള്ള ഒരുത്തനും പുറത്തുപോകുവാനോ കഴിയാതെ ആ പട്ടണം പഴുതില്ലാതെ അടച്ചു പൂട്ടി . അത് കണ്ടിട്ട് യോശുവ യെരിഹോവിനെതിരെ ഇരുന്നു. മാനസികമായി യോശുവയ്ക്ക് ഒരുപാട് ചിന്തകൾ കടന്നുവന്നിരിക്കാം , പക്ഷെ ആരോട് പറയാൻ. ഉപദേശം ചോദിക്കാൻ നടത്തിപ്പുകാരനായിരുന്ന മോശെ കൂടെയില്ല. ഈ അസന്നി ക്ത സന്ദർഭത്തിലാണ് , ഊർജസ്വലനായ യോശുവക്കുവേണ്ടി കൈയിൽ ഊരിപ്പിടിച്ച വാളുമായി ദൈവത്തിൻറെ ദൂതൻ ഇറങ്ങി വന്ന് , മനസ്സ് ഇടിഞ്ഞു ,തളർന്നിരിക്കുന്ന യോശുവയ്ക്ക് ആലോചന പറഞ്ഞുകൊടുത്ത് മനസ്സ് ബലപ്പെടുത്തുന്നത് .


നമുക്കറിയാം കാട്ടിലെ ഏറ്റവും വലിയ മൃഗം ആനയാണ്. ഏറ്റവും വേഗത്തിൽ ഓടുന്ന മൃഗം ചീറ്റയാണ് ,ഏറ്റവും സാമർത്ഥ്യം ഉള്ളത് കുറുക്കനാണ്, വലിപ്പമോ വേഗതയോ സാമർത്ഥ്യമോ ഇല്ലാഞ്ഞിട്ടും കാട്ടിലെ രാജാവ് സിംഹമാണ്. കാരണം അതിൻറെ മനോ ധൈര്യമാണ്.10 പുലികൾ ചുറ്റും നിന്നാലും സിംഹം പിന്തിരിഞ്ഞോടില്ല. കാട്ടിലെ സിംഹത്തിന് മനോ ധൈര്യം കൊടുത്ത ദൈവത്തിന് ആത്മീയ യുദ്ധം ചെയ്യുന്ന പടയാളിക്ക് എത്ര അധികം മനോധൈര്യം നൽകി തരും. നാമാരും അമാനുഷരല്ല. സാധാരണ മനുഷ്യരാണ്. ഏലിയാവ് നമുക്ക് സമ സ്വഭാവമുള്ള മനുഷ്യൻ. (യാക്കോബ് 5:17) അവൻ ഒറ്റയ്ക്ക് നിന്ന് കർമ്മലിൽ ജീവനുള്ള ദൈവത്തെ വെളിപ്പെടുത്തി. എന്നാൽ ഒരു സ്ത്രീയുടെ വാക്കിന് മുന്നിൽ അവൻ തളർന്നുപോയി. അടുത്തദിവസം മരണം എന്ന് മനസ്സിൽ ഉറപ്പിച്ചു സ്വയംമരിപ്പാൻ താല്പര്യപ്പെടുന്നു. ജീവിത പ്രശ്നങ്ങൾ ഏറി വരുമ്പോൾ എനിക്കിനി ഒന്നും ചെയ്യാൻ കഴിയത്തില്ല, മുന്നോട്ടു പോകാൻ പറ്റില്ല ,എന്നെക്കൊണ്ട് ഇത് ചെയ്യാൻ പ്രാപ്തിയില്ല എന്നിങ്ങനെയുള്ള ചിന്തകൾ കൊണ്ടു വരുന്നത് ശത്രുവാണ്. ഏലിയാവ് എന്ന പടയാളിയെ തന്റെ മുൻപിലുള്ള ലക്ഷ്യത്തിൽ എത്തിക്കാതെ കേവലം ഒരു ചൂര ചെടിയുടെ തറയിൽ തളച്ചിടാൻ ഒരു സ്ത്രീയുടെ വാക്കിനു കഴിഞ്ഞപ്പോൾ , അവിടെയും ദൂതൻ ഇറങ്ങി ഏലിയാവിനെ ശക്തിപ്പെടുത്തുന്നത് കാണാം . പ്രശ്നങ്ങൾ സ്വാഭാവികമാണ്, നമ്മുടെ മനോഭാവമാണ് വ്യത്യാസങ്ങൾ കൊണ്ടുവരുന്നത്. ഈ ഭൂമിയിൽ ജീവിച്ച എല്ലാവർക്കും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. എല്ലാവർക്കും തിരിച്ചടി ഉണ്ടായിട്ടുണ്ട്. നേരിടുന്നത് വ്യത്യസ്ത രീതിയിൽ ആണന്നു മാത്രം. ക്രിസ്തീയ പടയാളിയുടെ മനോഭാവം അവനെ വ്യത്യസ്തനാക്കുന്നു വ്യത്യാസങ്ങൾ കൊണ്ടുവരുന്നു. ദാവീദിനേക്കാൾ ബലമേറിയവനായിരുന്നു ഗോലിയാത്ത്. അവനെ നേരിടാൻ മനോബലത്തോടെ ,കല്ലും കവണയുമായി പോകുന്ന ദാവീദിനോട് ഗോലിയാത്ത് പറയുന്നു ഇപ്പോൾ നിന്നെ തീർത്തു കളയും, ദാവീദിന് ഗോലിയാത്തിന് ഉള്ളതുപോലെ പടച്ചട്ട ഇല്ല, പരിചയുമില്ല, കുന്തവും വേലുമില്ല , പക്ഷേ ദാവീദ് ദൈവാശ്രയത്തിലൂടെ നേടിയെടുത്ത മനോധൈര്യത്തിനു മുൻപിൽ ഗോലിയത്തിനു പിടിച്ചു നിലക്കാൻ ആയില്ല . . ഒരു വ്യക്തിയെ അസാധാരണ വ്യക്തിത്വമാക്കുന്നത് ലക്ഷ്യങ്ങളെ മുമ്പിൽ കാണാനുള്ള കഴിവാണ്.

ദാവീദിനെ സ്വന്തം സഹോദരങ്ങൾ പലതും പറഞ്ഞ് തന്റെ മുൻപിൽ കണ്ട ലക്ഷ്യസ്ഥാനത്തേക്ക് എത്തുന്നതിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നു.പക്ഷേ തന്റെ ലക്ഷ്യത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ഒരു ശക്തിക്കും ആയില്ല. ചുറ്റുമുള്ളവർ ഓരോന്നും പറഞ്ഞ് നമ്മെ തളർത്തുമ്പോഴും നമ്മൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രമിക്കുക. വിമർശനങ്ങൾ, അഭിപ്രായങ്ങൾ, വിധികൾ എന്നിവയ്ക്കെതിരെ ചെവി പൊത്തി പടയാളിയുടെ ലക്ഷ്യത്തിൽ കണ്ണു വെക്കുക.ദൈവജനത്തിനെതിരായുള്ള യുദ്ധത്തിൽ സാത്താൻ ഒരുക്കി വെച്ചിരിക്കുന്ന ഇരുമുന യുള്ള ശൂലം ആണ് വിഷാദവും, ഭയവും. ക്രിസ്തീയ പടയാളിയുടെ യുദ്ധവിജയം മുൻകാല പരിചയത്തിൽ അല്ല, മറിച്ച് അതത് സമയം ലഭിക്കുന്ന ഉയരത്തിലെ അരുളപ്പാടുകൾ ആണ്. നീ പരാജയപ്പെട്ടാൽ സഭകളെ ബാധിക്കും ക്രിസ്തീയ പ്രവർത്തനങ്ങളെ ബാധിക്കും. പൊരുതുക ദൈവരാജ്യം ഭൂമിയിൽ സ്ഥാപിതമാകുന്നത് വരെ ധീര പടയാളി നീ പൊരുതുക സങ്കീ 144:1 എൻറെ പാറയാകുന്ന യഹോവ വാഴ്ത്തപ്പെട്ടവൻ അവൻ യുദ്ധത്തിന് എൻറെ കൈകളെയും പോരിനു എൻറെ വിരലുകളെയും അഭ്യസിപ്പിക്കുന്നു.



പാസ്റ്റർ Dr. ഷിബു
വർഗീസ്, അബുദാബി
(മീഡിയ ഡയറക്ടർ)

# അത്യുന്നതന്റെ മറവിൽ



വിശുദ്ധ ബൈബിളിൽ നിരവധി പ്രാവശ്യം ആവർത്തിക്കപ്പെട്ടിട്ടുള്ള ദൈവത്തിൻറെ നാമവിശേഷ ണമാണ് ''അത്യുന്നതനായ'' ദൈവം എന്നത്. ബൈബിളിന്റെ പ്രഥമ ഗ്രന്ഥമായ ഉല്പത്തി പുസ്തകത്തിൽ പതിനാലാം അധ്യായത്തിലാണ് ആദ്യമായി ഈ പദം കാണപ്പെടുന്നത്. (ഉല്പത്തി 14:18). എബ്രായ ഭാഷയിൽ എൽ എല്ലിയോൻ (El Elyon) എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. ശാലോം രാജാവായ മൽക്കിസദേക്ക് അത്യുന്നതന്റെ പുരോഹിതനായിരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ലോകത്തിൽ അനേക മതങ്ങളും അവയ്ക്കൊക്കെയും പുരോഹിതന്മാരും ദേവന്മാരും ദേവതകളും ഉണ്ട്. എന്നാൽ അവയൊക്കെയും മനുഷ്യരുടെ സൃഷ്ടികളായി വിവിധ രൂപങ്ങളിൽ കാണപ്പെടുന്നു. അത്യുന്നതനാകുന്ന ദൈവത്തിന് രൂപമോ മനുഷ്യനിർമ്മിതമായ ആലയങ്ങളോ ആവശ്യമില്ല. അവനെ ആർക്കും നിർമ്മിക്കുവാൻ സാധ്യവുമല്ല. ഈ ദൈവത്തിൻറെ മറവിൽ വസിക്കണമെങ്കിൽ അങ്ങനെ ഒരു ദൈവമുണ്ടെന്ന് മനുഷ്യർ അറിഞ്ഞിരിക്കണം. ആ വാർത്ത അറിയിക്കുന്നവരാണ് സുവിശേഷകന്മാർ. യേശുക്രിസ്തുവിലൂടെയുള്ള രക്ഷാമാർഗ്ഗം അറിയിക്കുക മാത്രമല്ല ആ ദൈവത്തിൻറെ പ്രത്യേകതകൂടെ അവർ വിളംബരം ചെയ്യുന്നു. അവർ താഴ് വരയിലും പർവ്വതങ്ങളിലും സമതലങ്ങളിലും മനുഷ്യവർഗ്ഗം കുടിയിരിക്കുന്ന സകല പട്ടണങ്ങളിലും ഗ്രാമങ്ങളിലും സുവിശേഷം എന്ന പേരിൽ ജീവനുള്ള ദൈവത്തെ ഘോഷിച്ചുകൊണ്ടിരിക്കുന്നു. അതിന് വിരുദ്ധമായി അദൃശ്യമണ്ഡലത്തിലെ പൈശാചിക ശക്തികൾ ഭൂമിയിൽ ഒക്കെയും സുവിശേഷകന്മാർക്ക് പ്രതികൂലങ്ങൾ സൃഷ്ടിക്കുന്നു എന്നത് എക്കാലത്തെയും സുവിശേഷ ദൗത്യത്തിന്റെ വെല്ലുവിളിയാകുന്നു. ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടുകളെപ്പോലെ ഞാൻ നിങ്ങളെ അയക്കുന്നു എന്ന് അത്യുന്നതനാകുന്ന ദൈവം യേശുക്രിസ്തു മുഖാന്തരം അരുളി ചെയ്തിരിക്കുന്നു. (ലൂക്കാ 10:3). അത്തരം സാഹചര്യങ്ങളിൽ നാം ഭയപ്പെടേണ്ടതില്ല എന്ന് അവൻ വാഗ്ദത്തം നൽകിയിട്ടുണ്ട്. ഞാൻ എൻറെ സഭയെ പണിയും പാതാള ഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല (മത്തായി 16: 18). ആ ദൈവത്തിൻറെ മഹാസാന്നിദ്ധ്യം നമ്മുടെ ജീവിതത്തിൽ ഏറ്റവും അധികം ഉറപ്പാക്കേണ്ട ഒരു കാലഘട്ടത്തിലാണ് നാം വന്നെത്തിയിരിക്കുന്നത്. കൃപായുഗത്തിന്റെ വാതിൽ അടയുവാൻ ഇനി അൽപകാലം മാത്രമേയുള്ളൂ എന്ന് വിശുദ്ധ ബൈബിളിന്റെ അടിസ്ഥാനത്തിൽ ലോക സംഭവങ്ങൾ നമ്മോട് അറിയിച്ചു കൊണ്ടിരിക്കുന്നു. സഭയിൽ ഭിന്നതകൾ ഉണ്ടാക്കുവാനും ചേരിതിരിഞ്ഞ് പോരിനു വിളിക്കുവാനും ഉള്ള കാലമല്ല ഇതെന്ന് വളരെ വ്യക്തമായി ദൈവസഭയിലെ ചെറിയവരും വലിയവരും മനസ്സിലാക്കേണ്ടതാണ്. പരസ്പരം ക്ഷമിക്കുവാനും ഉത്സാഹിപ്പിക്കുവാനും സത്യത്തിന്റെ പരിജ്ഞാനത്തിലേക്ക് അനേകരെ നടത്തുവാനുമുള്ള സമർപ്പണമാണ് അത്യുന്നതന്റെ മറവിൽ വസിക്കുന്നവർക്ക് അനുകരണീയമായിട്ടുള്ളത്. നീതി സൂര്യൻ ആകുന്ന കർത്താവ് തന്റെ മഹത്വത്തിൽ പ്രത്യക്ഷനാകുമ്പോൾ നാം ലജ്ജിച്ചു പോകാതിരിക്കുവാൻ നാം നമ്മുടെ ബന്ധനങ്ങളെ അറുത്തു മാറ്റുക. ദൈവസഭയിലെ ഓരോ വ്യക്തികളും തങ്ങളെ തന്നെ ക്രിസ്തുവിൽ ഉറപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാകുന്നു. അവൻറെ സന്നിധി അല്ലാതെ നമുക്ക് മരണത്തിനപ്പുറത്തേക്ക് കടക്കുവാൻ വേറൊരു മാർഗ്ഗവുമില്ല. നിത്യജീവന്റെ മൊഴികൾ നിൻറെ പക്കൽ ഉണ്ട്. നാഥാ ഞങ്ങൾ നിന്നെ വിട്ട് എവിടെ പോകും എന്ന് പത്രോസ് അപ്പോസ്തോലൻ യേശുവിനോട് ചോദിച്ചത് ഏറെ ശ്രദ്ധേയമാകുന്നു. ദൈവം നമുക്ക് എന്ത് ചെയ്തു തന്നിരിക്കുന്നു എന്ന് ബോധ്യമുള്ള ദൈവമക്കൾക്ക് മാത്രമേ ആ ഉറപ്പ് ഉണ്ടായിരിക്കുകയുള്ളൂ. നാം അന്ധകാരത്തിൽ നിന്ന് അവൻറെ അത്ഭുത പ്രകാശത്തിലേക്ക് വിളിച്ചവന്റെ സദ്ഗുണങ്ങളെ ഘോഷിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട രാജകീയ പുരോഹിത വർഗ്ഗവും സ്വന്തം ജനവും വിശുദ്ധ വംശവും ആകുന്നു എന്ന് ദൈവമക്കൾ ഓർക്കേണ്ടതാകുന്നു. ആത്മീയ യാഗം അർപ്പിക്കുവാൻ നാം അത്യുന്നതന്റെ മറവിൽ എല്ലായിപ്പോഴും വസിക്കണം. അവന്റെ പുരോഹിതന്മാരാകുന്ന നമ്മെ അശുദ്ധരാക്കി ദൈവീക ശുശ്രൂഷയിൽ നിന്ന് അകറ്റുവാനുള്ള പിശാചിന്റെ തന്ത്രങ്ങളെ നാം തിരിച്ചറിയണം. ജീവിക്കുന്നത് ക്രിസ്തു, മരിക്കുന്നത് ലാഭം എന്ന് പൗലോസ് അപ്പോസ്തോലൻ എഴുതിയതിന്റെ കാരണം തനിക്ക് ലഭിച്ചിരിക്കുന്ന പദവിയുടെ ശ്രേഷ്ഠത തിരിച്ചറിഞ്ഞതുകൊണ്ടാകുന്നു. ലോകവും അതിൻറെ മോഹവും ഒഴിഞ്ഞുപോകും എന്നാൽ ദൈവത്തിൻറെ ഇഷ്ടം ചെയ്യുന്നവരോ എന്നേക്കും നിലനിൽക്കും. അത്യുന്നതന്റെ മറവിൽ എന്നേക്കും ജീവിച്ചിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുമ്പോൾ ശത്രുവാകുന്ന പിശാച് നമ്മെ എന്നേക്കും മരിച്ചവരാക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അവൻറെ തന്ത്രങ്ങളെ മനസ്സിലാക്കി ദൈവഹിതം അല്ലാത്തതിൽ നിന്നൊക്കെയും ഒഴിഞ്ഞുമാറുവാൻ എല്ലാ വിശുദ്ധന്മാരോടും വിശുദ്ധ ബൈബിൾ ആഹ്വാനം ചെയ്തിട്ടുണ്ട്. നേരോടെ നടക്കുന്നവർക്ക് കർത്താവ് ഒരു നന്മയ്ക്കും മുടക്കം വരുത്തുകയില്ല. പരാജയങ്ങളെ ഒക്കെയും വിജയങ്ങൾ ആക്കുവാനും ശാപങ്ങളെ അനുഗ്രഹമാക്കുവാനും അത്യുന്നതന്റെ സന്നിധി പര്യാപ്തമാകുന്നു. ആകയാൽ സമർപ്പണത്തോടെ നിത്യജീവന്റെ പാതയിൽ അത്യുന്നതന്റെ മറവിൽ വസിച്ചു കൊണ്ട് വിശ്വാസ ജീവിതത്തിന്റെ ഓട്ടം തികയ്ക്കുവാൻ അത്യുന്നതനാകുന്ന ദൈവം ഏവർക്കും കൃപ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



# ഗുരു വന്നിട്ടുണ്ട്..

(യോഹന്നാൻ 11:28)



ബ്രദർ ബ്ലസ്സൻ ലൂക്കോസ്
സൺഡേ സ്കൂൾ, സെക്രട്ടറി
യു.എ.ഇ. റീജിയൻ

ഈ ലോകജീവിതം സുഖദുഃഖ സമ്മിശ്രമായ ഒരു യാത്രയാണല്ലോ. ജീവിത സാഹചര്യങ്ങളെ മെച്ചപ്പെടുത്താൻ ഉള്ള ബന്ധപ്പാടുകളുടെ ഇടയിൽ, യേശുവിൽ വസിപ്പാനും യേശുവിനോട് കൂടെ ഇരിക്കുവാനും പ്രാർത്ഥനാ ജീവിതത്തിൽ നിന്നും കിട്ടുന്ന അനുഭവങ്ങൾ ഏതൊരു ക്രിസ്തു ഭക്തന്റെയും ജീവിതത്തിലെ മായിക്കാനും മറക്കാനാകാത്തതും ആയ സ്വർഗീയ അനുഭവങ്ങൾ ആകണം. തിരക്കുകളുടെ മധ്യത്തിലും, രോഗ ദുഃഖവേളകളിലും, പ്രശ്നത്തിന്റെയും പ്രതിസന്ധികളുടെയും അവസ്ഥയിലും നാം വ്യക്തിപരമായും മറ്റുള്ളവരിൽ കൂടിയും ദൈവസന്നിധിയിൽ വയ്ക്കുന്ന പ്രാർത്ഥനാ വിഷയങ്ങൾക്ക് അല്പം വൈകിയാലും ദൈവം മറുപടിയുമായി ഇറങ്ങിവരും നിശ്ചയം. യോഹന്നാന്റെ സുവിശേഷത്തിൽ പറയപ്പെടുന്ന ബേഥാന്യ ഗ്രാമത്തിലെ ദീനമായി കിടക്കുന്ന ലാസർ, മറിയയുടെയും മാർത്തയുടെയും പ്രിയ സഹോദരൻ. യേശു സ്നേഹിച്ച സഹോദരിമാർ തങ്ങൾക്ക് പ്രിയനായവൻ ദീനമായി കിടക്കുന്നുവെന്ന് ആൾ അയച്ചു അറിയിച്ചിട്ടും താൻ ചെയ്തുകൊണ്ടിരുന്ന തന്റെ പിതാവിൻറെ പ്രവർത്തികളെ വിട്ടു പോകാതെ യെരുശലേമിൽ തന്നെ പാർത്ത ക്രിസ്തുയേശു. തൻറെ സ്നേഹിതനായ ലാസർ മരിച്ചുപോയി നിദ്ര കൊള്ളുന്നു എന്ന് ഹൃദയം കൊണ്ട് നന്നായി അറിയുന്ന സൃഷ്ടിതാവ് തൻറെ അരുമ ശിഷ്യന്മാരുമായി ബേഥാന്യയിലേക്ക് യാത്ര തിരിക്കുന്നു.

കല്ലറയിൽ വെച്ചിട്ട് നാല് ദിവസമായി എന്ന് അറിഞ്ഞിട്ടും യേശുവിൻറെ വരവിനെ എതിരേല്പാൻ ചെന്ന മാർത്ത കർത്താവേ നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എൻറെ സഹോദരൻ മരിക്കുക ഇല്ലായിരുന്നു. ഇപ്പോഴും നീ ദൈവത്തോട് എന്ത് അപേക്ഷിച്ചാലും ദൈവം നിനക്ക് തരുമെന്ന് ഞാൻ അറിയുന്നു. ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തിൽ ലാസർ ഉയർത്തെഴുന്നേൽക്കും എന്നു നന്നായി അറിയുന്ന മാർത്ത, ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നെ എന്ന് പറഞ്ഞ് തന്റെ വിശ്വാസത്തെ ഉറപ്പിച്ചിട്ട് സഹോദരിയായ മറിയയെ സ്വകാര്യമായി വിളിച്ചു . നാല് നാളായിട്ടും തന്റെ പ്രിയ സഹോദരനെ ഓർത്ത് കല്ലറ വാതുക്കൽ കരയുന്ന മറിയ, ഗുരു വന്നിട്ടുണ്ട് എന്ന വാർത്ത കേട്ട ഉടനെ എഴുന്നേറ്റ് യേശുവും ശിഷ്യന്മാരും ഇരുന്ന സ്ഥലത്ത് എത്തി. യേശുവിൻറെ കാൽക്കൽ വീണു കരഞ്ഞുകൊണ്ട് കർത്താവേ നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എൻറെ സഹോദരൻ മരിക്കുകയില്ലായിരുന്നു. സങ്കടം കൊണ്ട് കരയുന്ന മറിയയെയും യഹൂദന്മാരെയും കണ്ടു പിന്നെയും ഉള്ളം നൊന്ത് കലങ്ങിയ ആ നസ്രായൻ. തന്റെ അപേക്ഷ കേൾക്കുന്ന സ്വർഗ്ഗത്തിലുള്ള പിതാവിന് മഹത്വം കൊടുത്തും ചുറ്റും നിൽക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന് നാല് ദിവസമായി നാറ്റം വെച്ച ലാസറിനെ ‘‘ലാസറെ പുറത്തു വരിക’’ എന്ന് ഉറക്കെ വിളിച്ചു തൻറെ മഹത്വം കാട്ടി. യേശു മരിച്ചവരിൽ നിന്ന് ഉയർപ്പിച്ച മാർത്തയുടെയും മറിയയുടെയും ബേഥാന്യയിലെ ലാസറിന്റെ ഭവനത്തിൽ പന്തിഭോജനത്തിന് വന്ന ഗുരു ഇന്നും നമുക്കായി ജീവിക്കുന്നു ആ ഗുരു വന്നിട്ടുണ്ട്. നാല് നാളായി നാറ്റം വെച്ച അവസ്ഥയിലും അവൻറെ മുഖം അന്വേഷിക്കാൻ അവന്റെ വരവിന്റെ വസ്തുത അറിഞ്ഞ് അവനെ തേടി അവൻറെ അടുക്കൽ വരുന്നവനെ കണ്ടിട്ട് മനസ്സലിയുന്നവൻ, ഉള്ളം നൊന്ത് കലങ്ങുന്നവൻ, കണ്ണുനീർ വാർക്കുന്ന യേശു നമ്മുടെ മരിച്ചു ജീർണ്ണിച്ച അവസ്ഥയെ ഉയർപ്പിച്ച് നമ്മെ അവനോടുകൂടെ പന്തിഭോജനത്തിന് ഇരുത്തും. നമ്മുടെ വിലാപത്തെ നൃത്തം ആക്കി തീർക്കുന്നവൻ, നമ്മെ രട്ടു അഴിപ്പിച്ച് സന്തോഷ ഉടുപ്പിക്കുന്നവൻ .ഞാൻ തന്നെ പുനരുദ്ധാനവും ജീവനും ആകുന്നു എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ആകയാൽ അവന്റെ മുഖം അന്വേഷിക്കാൻ അവൻറെ സന്നിധിയിലേക്ക് കടന്നു ചെല്ലാം ഗുരു വന്നിട്ടുണ്ട്..

# Not selected’… sounds familiar?



Sis. Merin Azariah

‘Not selected’ … sounds familiar? *Acts 1: 24* And they prayed and said, “You, O Lord, who know the hearts of all, show which of these two You have chosen [25] to take part in this ministry and apostleship from which Judas by transgression fell, that he might go to his own place.” [26] And they cast their lots, and the lot fell on Matthias. And he was numbered with the eleven apostles (NJKV). We have heard and read about Matthias, the one who replaced Judas Iscariot. The criteria was simple- one who would replace Judas must have been with Jesus from the beginning of His ministry till His resurrection (v:21). Fulfilling these measures, the new disciple ‘Matthias’ selected; but what about Joseph named Barsabbas? The ‘not selected’ guy, who missed the chance because the lot cast was not in his favor. He too must have been one amongst the 5000 listening to the sermon on the mount, must have been one amongst the 70 disciples who were sent out, the criteria of selection by Peter hints towards these facts. Now was the chance for one of the most loyal ones to enter the inner circle of being called disciples of Jesus – to be named one amongst the twelve. And behold Matthias selected- Joseph rejected. But wait…isn’t the opposite of selected x rejected. According to the English language norms yes, but Gods norms and rules are much beyond our language and beyond what we can comprehend. In His dictionary opposite of selected is not rejected, it just means ‘wait for another opportunity’ or ‘this is not fit for you’ or ‘I have something completely different planned for you’. Imagine if Joseph (Barsabbas) would take this ‘not selected’ status as ‘rejected’ status, personally (like many of us). Wouldn’t he leave the entire Christian fraternity, feel ashamed and return to his old life. I cannot otherwise imagine that he did so, because three and half years of walking with Christ has taught him that he followed a master who left 99 and ran behind that ONE lost sheep. He was sure convinced that God who clothes the lilies, who feeds the sparrows would value an ardent follower much beyond the casted lots. It’s just that he knew this assignment was for Matthias and not his. Historians like Eusebius and Papias mentions about the gospel works of Joseph (Barsabbas) in Eleutheropolis (Central Israel), captured by Nero and later died as a martyr for not denouncing his faith in Christ. Joseph did what he was assigned to do and finally on that glorious day will receive the ‘Crown of life’ as promised in Rev 2:10 ‘Do not fear…. Be faithful until death, and I will give you the crown of life’. Dear ones, Joseph understood his assignment and served God with his apportioned talents. He did not consider the temporary waiting period as setback. Many a time we face situations where we expectantly hope to be selected, our chance to be one amongst the choir, one amongst the leaders, one amongst the stage person. But God says - Hey that’s not what I want you to do right now, I’ve got something else in my mind and you are a perfect pick for that, so trust Me on this. Are we ready to accept that being a part of 70 is still ministry, one amongst the 5000 is still listening to Gods voice and one amongst the 120 in Mark’s house is still being filled with the Holy Spirit – equally. Let this final thought sink in: Not selected in interview, not selected in entrance exams, not selected to be on stage is all okay. Not selected does not mean rejected, it simply means Wait- God is still at work.

# ശാരോൻ ഫെലോഷിപ്പ് യൂ.എ.ഇ റീജിയൻ 25 ാമത് സംയുക്ത ആരാധന

## വിന്നർ സ്പോർടസ് ക്ലബ്ബ് അജ്മാനിൽ വച്ച് നടത്തപ്പെട്ടു

ശാരോൻ ഫെലോഷിപ്പ് യൂ. എ. ഇ റീജിയൻ 25മത് സംയുക്ത ആരാധന ഡിസംബർ 10 ഞായറാഴ്ച രാവിലെ 9:30ന് വിന്നർ സ്പോർട്സ് ക്ലബ്ബ് അജ്മാനിൽ വച്ച് നടത്തപ്പെട്ടു. യുഎഇ റീജിയന് കീഴിലുള്ള 16 ദൈവസഭകളിലേയും വിശ്വാസികളുടെ സംഗമ വേദിയായിരുന്നു. റീജിയൻ സെക്രട്ടറി പാസ്റ്റർ ഗിൽബെർട് ജോർജ് അവർകളുടെ അധ്യക്ഷതയിൽ പാസ്റ്റർ തോമസ് വർഗീസ് (റാക് സെന്റർ സെക്രട്ടറി) പ്രാർത്ഥനയോടെ ആത്മീയ സമ്മേളനത്തിന് ആരംഭം കുറിച്ചു. ബ്രദർ റിബി മാത്യുവിന്റെ നേതൃത്വത്തിൽ യുഎഇ റീജിയൻ ക്വയർ ഗാനശിശ്രൂഷക്കു നേതൃത്വം നൽകി. ഈ വർഷം യുഎഇ റീജിയന്റെ സിൽവർ ജൂബിലി വർഷമായി റീജിയൻ പാസ്റ്റർ ജോൺസൺ ബേബി പ്രഖ്യാപിച്ചു. സങ്കീർത്തന പ്രബോധനം പാസ്റ്റർ സാം കോശി നിർവഹിച്ചു. 16 സഭകളിൽ നിന്നായി 850ലധികം പേർ സംബന്ധിച്ച യോഗത്തിൽ കർതൃമേശയിൽ മുഖ്യ സന്ദേശം ഷാർജ സെന്ററർ ശിസ്രൂഷകൻ പാസ്റ്റർ കെ ബി ജോർജ് കുട്ടി നൽകി. നാഷണൽ പ്രസിഡണ്ട് പാസ്റ്റർ എബ്രഹാം ജോസഫ് നേതൃത്വം നൽകിയ തിരുമേശ ശിസ്രൂഷയിൽ റീജിയൻ പാസ്റ്റർ, സെക്രട്ടറി, സെൻററർ ശിസ്രൂഷകന്മാർ എന്നിവർ സഹകാരികളായിരുന്നു. മുഖ്യ സന്ദേശം നാഷണൽ പ്രസിഡന്റ് നൽകി. വെബ്സൈറ്റ് ലോഞ്ചിംഗ് റീജിയൻ പാസ്റ്റർ ജോൺസൺ ബേബി നിർവഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ ഇവാഞ്ചലിസ്റ്റ് ബിജി ഫിലിപ്പിന് ലൈസൻസ് ഓർഡിനേഷൻ നൽകി. റീജിയൻ പാസ്റ്ററിന്റെ പ്രാർത്ഥനയോടും നാഷണൽ പ്രസിഡന്റിന്റെ ആശിർവാദത്തോടും കൂടെ ആത്മീയ സമ്മേളനത്തിന് സമാപനം കുറിക്കപ്പെട്ടു.

















# യു.എ.ഇ. റീജിയൻ ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് സി.ഇ.എം. സൺഡേ സ്കൂൾ വാർഷികം;

## ദുബായ്, ജബൽ അലി ക്രൈസ്റ്റ് ചർച്ച് ശാരോൻ സഭകൾ സംയുക്ത ജേതാക്കൾ

യുഎഇ റീജിയനിലെ സൺഡേ സ്കൂൾ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ആത്മ ചൈതന്യം നൽകുന്ന പരിപാടികൾ നിറഞ്ഞു നിന്ന ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് യുഎഇ റീജിയൻ സിഇഎം സൺഡേ സ്കൂൾ സംയുക്ത വാർഷികം ജനുവരി 28 ശനിയാഴ്ച്ച ഷാർജ യൂണിയൻ ചർച്ചിൽ നടന്നു. ശാരോൻ ഫെല്ലോഷിപ്പ് റീജിയൻ സിഇഎം പ്രസിഡന്റ് പാസ്റ്റർ സന്തോഷ് സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ച യോഗത്തിൽ യുഎഇ റീജിയൻ പാസ്റ്റർ. ജോൺസൻ ബേബി ഉദ്ഘാടനം ചെയ്തു. റീജിയൻ സൺഡേ സ്കൂൾ ഡയറക്ടർ പാസ്റ്റർ ഡോ കെ .ബി ജോർജുകുട്ടി, റീജിയൻ സിഇഎം സെക്രട്ടറി ബെൻസ് മാത്യു, സൺഡേ സ്കൂൾ പരീക്ഷ കൺട്രോളർ ഷിബു ജോർജ് എന്നിവർ ക്രമീകരണങ്ങൾക്കു നേതൃത്വം നൽകി. യുഎഇ റീജിയൻ സെക്രട്ടറി പാസ്റ്റർ ഗിൽബെർട് ജോർജ്, യുഎഇ റീജിയൻ അസ്സോ. പാസ്റ്റർ. സാം കോശി, അബുദാബി സെന്റർ മിനിസ്റ്റർ പാസ്റ്റർ ഡോ. ഷിബു വർഗിസ്, റീജിയൻ പ്രതിനിധി ബിജു തോമസ് എന്നിവർ ആശംസകൾ അറിയിച്ചു.











ഡിസംബറിൽ നടന്ന താലന്ത് പരിശോധയിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി സയുക്ത വിജയികളായ ദുബായ്, ജെബൽ അലി ക്രൈസ്റ്റ് ചർച്ച് ശാരോൻ സഭകൾക്ക് എവർ റോളിങ്ങ് ട്രോഫി പാസ്റ്റർ ജോൺസൻ ബേബി നൽകി. കൂടാതെ താലന്ത് പരിശോധന സൺഡേ സ്കൂൾ പരീക്ഷ വിജയികൾക്കും ട്രോഫികൾ നൽകി.

### സണ്ടേസ്കൂൾ പരീക്ഷ ജൂൺ 15 ന്

ശാരോൻ ഫെലോഷിപ് ചർച്ച് യു എ ഇ റീജിയൻ സണ്ടേസ്കൂൾ അസോസിയേഷൻ 2024 ലെ ആദ്യ സെമസ്റ്റർ പരീക്ഷ ജൂൺ 15 ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ വെച്ച് നടക്കും.

സൺഡേ സ്കൂൾ പന്ത്രണ്ടാം ക്ലാസ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുള്ള ഗ്രാജുവേഷൻ, സൺഡേ സ്കൂൾ അധ്യാപകർക്കുള്ള ആദരവ് എന്നിവ യോഗത്തിന്റെ പ്രത്യേകതകൾ ആയിരുന്നു. സൺഡേ സ്കൂൾ ഓർഗനൈസർ സാം മത്തായി സ്വാഗതവും റീജിയൻ സിഇഎം സെക്രട്ടറി ബെൻസ് മാത്യു നന്ദിയും പ്രകാശിപ്പിച്ചു.

## ശാരോൻ ഫെലോഷിപ് ചർച്ച് യു എ ഇ റീജിയൻ സൺഡേസ്കൂൾ അസോസിയേഷൻ വെബ്നാർ

യു എ ഇ : സൺഡേ സ്കൂൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ശാരോൻ ഫെലോഷിപ് ചർച്ച് യു എ ഇ റീജിയൻ സൺഡേ സ്കൂൾ അസോസിയേഷൻ നടത്തിയ വെബ്നാർ ഏപ്രിൽ 9 ചൊവ്വ രാത്രി 8 മണി മുതൽ 10 മണി വരെ സൂം പ്ലാറ്റ്ഫോമിൽ നടന്നു.റീജിയൻ സൺഡേ സ്കൂൾ അസോസിയേഷൻ പ്രസിഡന്റ് പാസ്റ്റർ ബ്ലസൻ ജോർജ് അധ്യക്ഷത വഹിച്ച വെബ്നാർ റീജിയൻ പാസ്റ്റർ ജോൺസൻ ബേബി ഉത്ഘാടനം ചെയ്തു,റീജിയൻ സെക്രട്ടറി പാസ്റ്റർ ഗിൽബെർട് ജോർജ് അനുഗ്രഹ പ്രാർത്ഥന നടത്തി.Together in Christ ക്രിസ്തുവിൽ ഒന്നായി എന്ന തീം ആസ്പദമാക്കി പ്രശസ്ത ഗൈഡൻസ് കൗൺസിലർ സിസ്റ്റർ രഞ്ജി സാം, മണക്കാല ക്ലാസ് നയിച്ചു.

ഗൈഡൻസ് കൗൺസിലിങ്ങിൽ കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും ഇടയിൽ ചുരുങ്ങിയ കാലം കൊണ്ട് ശ്രദ്ധയാകർഷിക്കുകയും മലയാള ക്രൈസ്തവ ചാനലുകളിലും യുവജന ക്യാമ്പുകളിലും സജീവ സാന്നിധ്യവുമായ സിസ്റ്റർ രഞ്ജി സാമിനെ റീജിയൻ എക്സാം കൺട്രോളർ എബി മാത്യു പങ്കെടുത്തവർക്ക് പരിചയപെടുത്തി. ജബൽ അലി ക്രൈസ്റ്റ് ചർച്ച് ക്വയർ സംഗീതമാലപിച്ചു. റീജിയൻ സൺഡേ സ്കൂൾ സെക്രട്ടറി ബ്ലസൻ ലൂക്കോസ് സ്വാഗതവും ജനറൽ കോർഡിനേറ്റർ റോക്കി സാം നന്ദിയും പ്രകാശിപ്പിച്ചു.റീജിയൻ അസോസിയേറ്റ് പാസ്റ്റർ സാം കോശി പ്രാർത്ഥിച്ച് ആരംഭിച്ച വെബ്നാർ ദുബായ് ഷാർജ സെന്റർ പാസ്റ്റർ ഡോ. കെ.ബി.ജോർജ്കുട്ടിയുടെ പ്രാർത്ഥനയോടെ സമാപിച്ചു.



# അബുദാബിയിലുള്ള ഫിലഡൽഫിയ ചർച്ച് ശാരോൻ ഫെലോഷിപ്പ് പ്രസ്ഥാനത്തോട് ചേർന്നു






അബുദാബി: അബുദാബിയിലുള്ള പാസ്റ്റർ വർഗീസ് തോമസിന്റെ നേതൃത്വത്തിലുള്ള ഫിലഡൽഫിയ ചർച്ച് ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ ചേരുവാൻ ഇടയായി. മാർച്ച് മാസം 28 തീയതി ശാരോൻ ഫെല്ലോഷിപ്പ് മാനേജിങ് കൌൺസിൽ സെക്രട്ടറി പാസ്റ്റർ ജോസ് ജോസഫ്, യുഎഇ റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജോൺസൻ ബേബി, സെക്രട്ടറി പാസ്റ്റർ ഗിൽബെർട് ജോർജ് എന്നിവരുടെ നേതൃത്വത്തിൽ കൂടിയ മീറ്റിംഗിൽ വെച്ച് ഔദ്യോഗികമായി സഭയെ ശാരോൻ ഫെൽലോഷിപ്പിനോട് ചേർക്കുകയും ശാരോൻ ഫെല്ലോഷിപ്പ് ഫിലാഡൽഫിയ അബുദാബി എന്ന പേരിൽ പ്രസ്തുത സഭ ഇനിയും അറിയപ്പെടുകയും ചെയ്യും. പ്രസ്ഥാനത്തോട് ചേർക്കുന്നതിനുള്ള കത്തുകൾ പാസ്റ്റർ ജോസ് ജോസഫ് വായിക്കുകയും ദൈവദാസനെയും കുടുംബത്തെയും പ്രാർത്ഥിച്ചു അനുഗ്രഹിക്കുകയും ചെയ്തു. റീജിയൻ സെക്രട്ടറി പാസ്റ്റർ ഗിൽബെർട് ജോർജ് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ അബുദാബി സെൻറെർ പാസ്റ്റർ ഡോ. ഷിബു വർഗീസ് സന്ഗീർത്തനത്തിൽ നിന്നും ശിശ്രൂഷിക്കയും മുഖ്യ പ്രഭാഷണം റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജോൺസൻ ബേബി നൽകുകയും ചെയ്തു. അതിനോടനുബന്ധിച്ചു നടന്ന കർതൃമേശ ശിശ്രൂഷ മാനേജിങ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജോസ് ജോസഫ് നിർവഹിക്കുകയും അബുദാബി സെൻറെർ സെക്രട്ടറി പാസ്റ്റർ മാത്യു ജോർജ്, റീജിയൻ ട്രസ്റ്റീ ബ്രോ. ബിജു തോമസ്, സെൻറെർ കോർഡിനേറ്ററും ട്രസ്റ്റിയുമായ ബ്രോ. തോമസ് ഫിലിപ്പ്, അബുദാബി സെൻറെർ കോർഡിനേറ്റർ ഇവാൻജെലിസ്റ് ബിനീഷ് ജോൺ എന്നിവർ ആശംസകൾ അറിയിച്ചു. പ്രസ്തുത മീറ്റിംഗിൽ ഫിലഡൽഫിയ ചർച്ച് പാസ്റ്റർ വർഗീസ് തോമസിനെ ശാരോൻ ഫെല്ലോഷിപ്പ് നേപ്പാളിന്റെ ഡിസ്ട്രിക്ട് കോഓർഡിനേറ്റർ ആയി നിയമിതനാക്കുകയും ചെയ്തു.

## വിവാഹിതരായി



സജ്ജ ശാരോൻ സി.ഇ.എം. സെക്രട്ടറി Br. സുബിൻ K ജോയി യും Sr.ബെറ്റി ജോസഫ് ഉം തമ്മിലുള്ള വിശുദ്ധ വിവാഹം 2023 നവംബർ 13 തിങ്കളാഴ്ച കൊടുമണ് PMG ചർച്ചിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. പാസ്റ്റർ P. ജോയി യുടെയും Sr സുജ ജോയി യുടെയും മകനാണ് സുബിൻ



അബുദാബി ഷാരോൺ സെന്റർ പാസ്റ്റർ ഡോ. ഷിബു വർഗീസിന്റെയും ഷേർലി ഷിബുവിന്റെയും മകൾ ഗ്രേസ് ഷാരോൺ വർഗീസും ജോർജ് ജേക്കബ് പെരുമാളും വിവാഹിതരായി

## നിത്യതയിൽ



അൽ ഐൻ ശാരോൺ (രഹബോത്ത്) അംഗമായ Br. റോബിന്റെ പിതാവ് **ജോസ്കുട്ടി കെ. സി (57)** നിത്യതയിൽ



അബുദാബി എലീം ശാരോൻ സഭ ശിസ്രൂഷകൻ പാസ്റ്റർ മാത്യു ജോർജിന്റെ പിതാവ് **കെ. എം. ജോർജ് (90)** താൻ പ്രീയം വെച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു



അബുദാബി ഷാരോൺ ഫെല്ലോഷിപ്പ് സഭാംഗമായ ബ്രദർ സന്തോഷ് സോളമന്റെ മാതാവ് **രാജി സോളമൻ (68)** ബെയൂല ദേശത്തിൽ



ഷാർജ ശാരോൻ എബനേസർ സഭാംഗം **അനിൽ ബന്യാമിൻ (39)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭാര്യ: ആൻസി അനിൽ, മക്കൾ: എസ്ഥേർ, ജോഷുവ പരേതയായ ആസ്ലി മോൾ

# ശിശു സമർപ്പണം

സത്വ ശാരോൻ ഫെല്ലോഷിപ്പ് ചർച് ക്രൈസ്റ്റ് ചർച് ജബൽ അലി സഭാംഗമായ ബ്രദർ സിജു ഫിലിപ്പ് വര്ഗീസിൻറെയും സിസ്റ്റർ റൂബി മാത്യുവിന്റെയും ഇളയ കുഞ്ഞായ റൂയേൽ സിജു വര്ഗീസിന്റെ സമർപ്പണ ശുശ്രൂഷ 2024 ജനുവരി മാസം പതിനാലാം തീയതി നടക്കുകയുണ്ടായി. സഭായോഗനന്തരം നടന്ന ശുശ്രൂഷയിൽ സഭയുടെ സീനിയർ ശുശ്രൂഷകനായ പാസ്റ്റർ ജോൺസൻ ബേബി കുഞ്ഞിനെ പ്രാർത്ഥിച്ചു ദൈവസന്നിധിയിൽ സമർപ്പിച്ചു.





# റാസ് അൽ ഖൈമ ശാരോൻ ഫെല്ലോഷിപ്പ് സഭ സി.ഇ.എം. ന്റേയും സണ്ടേസ്കൂളിന്റേയും വാർഷികം


























റാസ് അൽ ഖൈമ : റാസ് അൽ ഖൈമ ശാരോൻ ഫെല്ലോഷിപ്പ് സഭ CEM & സൺഡേ സ്കൂൾ വാർഷികം11.04.2024 വ്യാഴാഴ്ച റാസ് അൽ ഖൈമ അഹമ്മദ് ഡാർവിഷ് ഗരീബ് ഫാം ഹൗസിൽ വച്ച് നടന്നു. റീജിയൻ സെക്രട്ടറിയും സഭാശുശ്രൂഷകനുമായ Pr .ഗിൽബെർട് ജോർജ് ഉൽഘാടനം ചെയ്ത യോഗത്തിൽ റീജിയൻ സൺഡേ സ്കൂൾ അസോസിയേഷൻ പ്രസിഡണ്ടും ദുബായ് ബെഥേൽ ശാരോൻ സഭാശുശ്രുഷകനുമായ Pr. ബ്ലസൻ ജോർജ് മുഖ്യസന്ദേശം നൽകി . ദുബായ് ജബലലി ശാരോൻ സഭാശുശ്രുഷകൻ Pr ബിനീഷ്, റീജിയൻ ജോയിന്റ് ട്രെഷറർ Bro.സാം വർഗീസ് തുടങ്ങിയവർ ആശംസകൾ അറിയിച്ചു.

സൺഡേ സ്കൂൾ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ആത്മ ചൈതന്യവും ഉൾക്കാഴ്ച നൽകുന്നതുമായ വിവിധ പ്രോഗ്രാമുകൾ നടന്നു . സൺഡേ സ്കൂൾ റീജിയൻ പരീക്ഷയിൽ വിജയം നേടിയ വിദ്യാർത്ഥികൾക്ക് ട്രോഫികൾ സമ്മാനിച്ചു.

# ശാരോൻ ഫെല്ലോഷിപ്പ് റാസ് അൽ ഖൈമ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഗോസ്പൽ കൺവെൻഷൻ നടത്തപ്പെട്ടു














ഉമ്മുൽ ഖുവൈൻ: ശാരോൻ ഫെല്ലോഷിപ്പ് റാസ് അൽ ഖൈമ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഗോസ്പൽ കൺവെൻഷൻ 2024 ഏപ്രിൽ ഇരുപത്തിമൂന്നാം തീയതി ഉമ്മുൽ ഖുവൈനിൽ വെച്ച് നടത്തപ്പെട്ടു. റാസ് അൽ ഖൈമ സെൻറർ പാസ്റ്റർ ഗിൽബെർട് ജോർജ് മീറ്റിംഗ് പ്രാർത്ഥിച്ചു ഉത്കാടണം ചെയ്യുകയും റാസ് അൽ ഖൈമ സെൻറർ അസ്സോസിയേറ്റ് പാസ്റ്റർ ബേബി മാത്യു അധ്യക്ഷത വഹിക്കുകയും ചെയ്തു. അജ്മാൻ പെന്തക്കോസ്തു അസംബ്ലിയുടെ ആരാധനാ വിഭാഗമായ എ പി എ ബീറ്റ്സ് ഗാനശുശ്രൂഷക്കു നേതൃത്വം നൽകി. കർത്താവിൽ പ്രസിദ്ധനായ പാസ്റ്റർ പ്രിൻസ് റാന്നി ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്നവർക്കു ദൈവശക്തിയാകുന്നു എന്ന വിഷയത്തെ ആസ്പദമാക്കി ദൈവ വചനം ശിശ്രൂഷിച്ചു. റാസ് അൽ ഖൈമ സെൻറർ കോഓർഡിനേറ്റർ എബി മാത്യു സ്വാഗതവും ഇവാൻജെലിസ്റ് ബിജു വര്ഗീസ് നന്ദിയും അറിയിച്ചു. സെന്ററിന്റെ വിവിധ സഭകളിൽ നിന്നുള്ള ദൈവദാസന്മാരും വിശ്വാസികളും പങ്കെടുക്കുകയും സ്നാനത്തിനായും സുവിശേഷവേലക്കയും ചിലർ സമർപ്പിക്കയും ചെയ്തു. ഇന്ത്യയിൽ നടന്നു കൊണ്ടിരിക്കുന്ന ലോക്സഭാ ഇലെക്ഷനു വേണ്ടിയും പ്രിത്യേകം പ്രാർത്ഥച്ചു.

# സൺഡേ സ്കൂൾ ബിരുദധാരികളെ ആദരിച്ചു

അബുദാബി :16 ഫെബ്രുവരി 2024 വെള്ളിയാഴ്ച സൈന്റ്റ് ആൻഡ്രൂസ് ചർച് പ്രയർ ഹാളിൽ വച്ചു ഫിലാഡൽഫിയ ശാരോൻ ഫെലോഷിപ് സഭാ ശുശ്രൂഷകൻ Pastor Varghese Thomas നേതൃത്വം വഹിച്ച പ്രത്യേക മീറ്റിംഗിൽ പ്രസ്തുത സഭയിൽ നിന്നും ഈ വർഷം സൺഡേ സ്കൂൾ പഠനം പൂർത്തിയാക്കി ബിരുദം കൈവരിച്ച കുട്ടികളെ അനുമോദിച്ചു. Benita Shaji Thomas & Neha Sogy George എന്നീ കുട്ടികളെയാണ് അവരുടെ വിശ്വാസ ജീവിതത്തോടും ദൈവ വചനം അടിസ്ഥാനമാക്കിയുള്ള പഠനത്തോടും കാണിച്ച സമർപ്പണത്തിനും പ്രതിബദ്ധതയ്ക്കുമുള്ള അഭിനന്ദന സൂചകമായി പ്രത്യേക മൊമെന്റോ നൽകി സഭ ആദരിച്ചത് . കുട്ടികളുടെ കുടുംബാംഗങ്ങളും മറ്റു സഭാംഗങ്ങളും ഈ മീറ്റിംഗിൽ പങ്കെടുത്തു.





# സ്നാന ശുശ്രൂഷ

## റാസ് അൽ ഖൈമ | അബുദാബി

**റാസ് അൽ ഖൈമ :** റാസ് അൽ ഖൈമ ശാരോൻ സഭയുടെയും റാസ് അൽ ഖൈമ കാർമ്മൽ ശാരോൻ സഭയുടെയും സംയുക്ത ആഭിമുഖ്യത്തിൽ സ്നാന ശുശ്രൂഷ റാസ് അൽ ഖൈമ സെവന്ത് ഡേ അഡ്വന്റിസ്റ്റ് സഭയിൽ വച്ച് നടത്തപ്പെട്ടു . ജനുവരി 28 ഞായറാഴ്ച രാവിലെ 7.30 ന് നടന്ന ശുശ്രൂഷയിൽ ഇരു സഭകളിൽ നിന്നും നാലു കുഞ്ഞുങ്ങൾ സ്നാനപ്പെട്ട് കർത്താവിനോടു ചേർന്നു. റാസ് അൽ ഖൈമ ശാരോൻ സഭയിലെ ആരോൺ എബി മാത്യു, ആൻ എൽസ മാത്യു കാർമ്മൽ ശാരോൻ സഭയിലെ ആൻഡ്രിയ ബിജു, നേഹ ബിജി എന്നിവരാണ് കർത്താവിനെ ജലത്തിൽ സാക്ഷീകരിച്ചത്. യുഎഇ റീജിയൻ സെക്രട്ടറിയും റാസ് അൽ ഖൈമ ശാരോൻ സഭ ശുശ്രുഷകനുമായ പാസ്റ്റർ ഗിൽബെർട് ജോർജ് സ്നാന ശുശ്രൂഷ നിർവഹിച്ചു. കാർമ്മൽ ശാരോൻ സഭ ശുശ്രുഷകൻ പാസ്റ്റർ ബിജി ഫിലിപ്പ് ക്രമീകരണങ്ങൾക്കു നേതൃത്വം നൽകി.

തുടർന്ന് ഇരു സഭകളുടെയും സംയുക്ത സഭായോഗവും തിരുവത്താഴ ശുശ്രൂഷയും ജസീറ സെൻറ് ലുക്ക് സഭയിൽ വച്ച് നടന്നു

**അബുദാബി :** അബുദാബി എലീം ശാരോൻ ഫെലോഷിപ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ 2023 സെപ്റ്റംബർ മാസം 16 തീയതിയും 2024 ജനുവരി മാസം 13 തീയതിയും സ്നാന ശുശ്രൂഷ നടത്തപ്പെട്ടു. ബ്രദർ ജേസൺ മാത്യു, സിസ്റ്റർ ലീലാമ്മ, സിസ്റ്റർ ശ്രേയ, ബ്രദർ അലക്സാണ്ടർ , ബ്രദർ റോഷൻ എന്നിവരാണ് കർത്താവിനെ ജലത്തിൽ സാക്ഷീകരിച്ചത്. ബ്രദർ ജേസൺ മാത്യുവിന്റെ സ്നാന ശിസ്രൂഷ അബുദാബി ഷാരോൺ ഫെല്ലോഷിപ്പ് സെന്റർ പാസ്റ്റർ Dr. ഷിബു വർഗീസ് നിർവഹിക്കുകയും മറ്റു നാലുപേരുടെ സ്നാന ശുശ്രൂഷ അബുദാബി എലീം ശാരോൻ സഭ ശിസ്രൂഷകൻ പാസ്റ്റർ മാത്യു ജോർജ് നിർവഹിക്കുകയും ചെയ്തു.

### റാസ് അൽ ഖൈമ









### അബുദാബി











# കർമേൽ ശാരോൻ ഫെല്ലോഷിപ്പ് സഭാ സന്ദർശനം



തിരുവല്ല ശാരോൻ ഫെല്ലോഷിപ്പ് മാനേജിങ് കൌൺസിൽ സെക്രട്ടറി പാസ്റ്റർ ജോസ് ജോസഫ്, യുഎഇ റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജോൺസൻ ബേബി, റീജിയൻ ജോയിൻ ട്രസ്റ്റീ ബ്രദർ സാം വർഗീസ്, അബുദാബി സെന്റർ കോർഡിനേറ്റർ & ട്രസ്റ്റീ ബ്രദർ തോമസ് ഫിലിപ്പ് (സന്തോഷ്) എന്നിവർ റാസ് അൽ ഖൈമ കർമേൽ ശാരോൻ ഫെല്ലോഷിപ്പ് സന്ദർശിച്ചു. പാസ്റ്റർ ബിജി ഫിലിപ്പ് പ്രാർത്ഥിച്ചു ആരംഭിച്ച സഭായോഗത്തിൽ പാസ്റ്റർ ജോൺസൻ ബേബി, ബ്രദർ ജോബിൻ ജേക്കബ് എന്നിവർ ദൈവ വചനം ശിസ്രൂഷിക്കയും പാസ്റ്റർ ജോസ് ജോസഫ് തിരുമേശ ശുസ്രൂഷ നിർവഹിക്കുകയും ചെയ്തു

# യൂഎഇ റീജിയൻ ശാരോൻ ഫെലോഷിപ്പ് സഭകളിലെ വിദ്യാർത്ഥികൾക്ക് 10th & 12th പരീക്ഷകളിൽ ഉന്നതവിജയം

## പത്താം ക്ലാസിൽ ഉന്നത വിജയം കരസ്ഥമാക്കിയവർ

**PHILEDELPHIA SHARON FELLOWSHIP CHURCH, ABUDHABI**


HANNAH MARIAM JACOB


MANNA MARY PHILIP

**SHARON FELLOWSHIP CHURCH, SHARJAH**


HOSANNA AJI CHACKO

**SHARON FELLOWSHIP CHURCH, DUBAI**


ALEENA BOBBY

**BETHEL SHARON FELLOWSHIP CHURCH, DUBAI**


JENNES SHIBU VARGHESE

**AL AIN SHARON (REHBOTH) AL AIN**


HEBA LIYA SHINU

**SHARON FELLOWSHIP CHURCH, APA - AJMAN**



LENA ELSY PHILIP


ABIYA MARY ANEESH


MILAN REJI


ADLIN MANOJ MATHEW

**SHARON FELLOWSHIP CHURCH, FUJAIRAH**


ACHSAH SUSAN SHIJU

## പ്ലസ് ടുവിൽ ഉന്നത വിജയം കരസ്ഥമാക്കിയവർ

**PHILEDELPHIA SHARON FELLOWSHIP CHURCH, ABUDHABI**


BENITA SHAJI THOMAS


NEHA SOGY GEORGE

**SHARON FELLOWSHIP CHURCH, RAS AL KHAIMA**


ABEL MATHAI

**SATWA SHARON FELLOWSHIP CHURCH, (CHRIST CHURCH-JEBEL ALI)**


DHAYA BOSE KARIYIL


SNEHA SAJU

**SATWA SHARON FELLOWSHIP CHURCH, (CHRIST CHURCH-JEBEL ALI)**


FELIX THOMAS

**SHARON FELLOWSHIP CHURCH, SHARJAH**


ALISHA THOMAS


SANTRA JOHANA SHYJU

**EBEN-EZER SHARON FELLOWSHIP CHURCH**


CHRISTY MAVILAMTHARA THOMAS

**SHARON FELLOWSHIP CHURCH, APA - AJMAN**


DANIEL GEORGE PHILIP

Sharon Fellowship Church
UAE Region
Official Publication

# SHARON Trumpet

MAY 2024

## ബെയൂല ദേശത്തിൽ



ബ്രദർ എബി മാത്യു

# യു.എ.ഇ. യിലെ വിശ്വാസസമൂഹത്തെ കണ്ണീരണിയിച്ച് നയോമിമോൾ

യേശു എന്നെ സ്നേഹിക്കുന്നു (Jesus loves me this I know) എന്ന് ഷാർജയിലെമ്പാടും ഒരു പൂമ്പാറ്റയെ പോലെ പാടി നടന്ന നയോമി മോൾക്ക് യുഎയി യിലെ വിശ്വാസ സമൂഹത്തിന്റെ കണ്ണീരിൽ കുതിർന്ന യാത്രമൊഴി. ഷാർജ ഇന്ത്യൻ സ്കൂൾ കെ.ജി. വൺ വിദ്യാർത്ഥിയായ നയോമി ജോബിൻ(5) ഫെബ്രുവരി 22 വെള്ളിയാഴ്ച നാട്ടിൽ നിന്നും രക്ഷിതാക്കൾക്കൊപ്പം അവധി കഴിഞ്ഞു തിരിച്ചു വരുമ്പോൾ ദുബായിൽ വച്ച് വാഹനാപകടത്തിലാണ് മരണമടഞ്ഞത്. ദുബായ് വിമാനത്താവളത്തിൽനിന്ന് താമസസ്ഥലത്തേക്കുള്ള യാത്രയിൽ റാഷിദിയയിൽ വാഹനത്തിൻറെ ടയർ പൊട്ടിത്തെറിച്ചതാണ് അപകടകാരണം. വാഹനത്തിലുണ്ടായിരുന്ന മറ്റുള്ളവർ അപകടത്തിൽ നിന്ന് രക്ഷപ്പെട്ടിരുന്നു. 1996 ൽ ഷാർജയിൽ ശാരോൻ ഫെല്ലോഷിപ്പ് സഭയുടെ തുടക്കത്തിന് പ്രധാന പങ്ക് വഹിച്ച അടൂർ മണക്കാല ബഥേൽ മന്ദിരത്തിൽ ബ്രദ. ബാബു വർഗീസിൻറെ കൊച്ചുമകളാണ് നയോമി. ദുബായ് എമിരേറ്റ്സ് എയർലൈൻസ് ജീവനക്കാരനായ ജോബിൻ ബാബു വർഗീസിൻറെയും സോബിൻ ജോബിൻറെയും ഇരട്ട കുഞ്ഞുങ്ങളിൽ ഒരുവൾ.

ഷാർജയിൽ കൂടി Jesus loves me this I know, for the Bible tells me so.. എന്ന പാട്ടു പാടി നടക്കുന്ന കുഞ്ഞു നയോമിയുടെ വിഡീയോ സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു. തന്നെ പരിചയപെടുന്നവരുടെ ഉള്ളിൽ പെട്ടെന്ന് സ്ഥാനം പിടിക്കുന്ന നയോമി മോൾ അവർക്കു ഒരിക്കലും മറക്കാൻ കഴിയാത്ത സ്നേഹമേറിയ പ്രകൃതത്തിനുടമായിരുന്നു . തൻറെ കുഞ്ഞു പ്രായത്തിനപ്പുറം പക്വത കാണിച്ച പ്രിയ നയോമി തൻറെ പാട്ടിലൂടെയും ചിത്ര രചനയിലൂടെയും അനേകരുടെ ഹൃദയത്തിനുള്ളിൽ സ്ഥാനം പിടിച്ചു. അവളുടെ അഞ്ചാമത്തെ പിറന്നാളിന്റെ പിറ്റെന്നാൾ നടന്ന അന്ത്യയാത്രയയപ്പു യോഗത്തിൽ യുഎയിയിൽ പ്രവൃത്തി ദിനമായിരിന്നിട്ടു കൂടി എല്ലാ എമിറേറ്റുകളിൽ നിന്നും വന്നു കൂടിയ കൂടിയ വൻ ജനാവലി അതിനു തെളിവായി.



പിതാവ് ജോബിൻ ബാബു വർഗീസിൻറെ വാക്കുകളിൽ ഉദിച്ചുയർന്നു നിത്യതയിലേക്കു പെട്ടെന്നു മാഞ്ഞു പോയ പ്രിയ മകൾ ഏറ്റവും ഉത്തരവാദിത്തമുള്ള കുട്ടിയായിരുന്നു .അവളെ ഷോപ്പിംഗിന് കൊണ്ടുപോകുമ്പോഴെല്ലാം തനിക്കും അവളുടെ മറ്റ് സഹോദരങ്ങൾക്കും വേണ്ടി സാധനങ്ങൾ തിരഞ്ഞെടുക്കും. അവളുടെ എല്ലാ സാധനങ്ങളും പങ്കിടാനുള്ള മനസ്സ് അവൾക്കുണ്ടായിരുന്നു. ഭക്ഷണം കഴിഞ്ഞ് ഡൈനിംഗ് ടേബിളിൽ അവൾ എല്ലാവരുടെയും പ്ലേറ്റുകൾ എടുത്ത് അമ്മയ്ക്ക് നൽകും. സ്കൂളിൽ നിന്ന് മടങ്ങിയെത്തിയാൽ ഭക്ഷണം കഴിക്കും, തുടർന്ന് അന്ന് പൂർത്തിയാക്കേണ്ട പഠന കാര്യാദികൾ ഉടൻ ആരംഭിക്കും. ആരും നിർബന്ധിക്കാതെ ചെറുപ്രായത്തിൽ തൻറെ ഉത്തരവാദിത്തങ്ങൾ നിർവഹിച്ച നവോമിമോൾ, അനേകരിൽ ദൈവസ്നേഹത്തിൻറെ പരിമളം പരത്തി നമുക്ക് മുൻപായി മറുകരയിൽ എത്തിച്ചേർന്നു.

അകാലത്തിൽ പ്രിയ കുഞ്ഞു ഈ ലോകത്തിൽ നിന്നു മാറ്റപ്പെട്ടെങ്കിലും നയോമിയുടെ പ്രിയ കുടുംബം തികഞ്ഞ പ്രത്യാശയിൽ ആയിരിക്കുന്നു. നവോമി ഇല്ലാത്ത അവളുടെ പിറന്നാൾ ദിനത്തിൽ പിറന്നാൾ സമ്മാനം ചോദിച്ച തൻറെ ഇരട്ട സഹോദരൻ നാഥനോട് പിതാവ് ഇപ്രകാരം ചോദിച്ചു നവോമിക്ക് പിറന്നാൾ സമ്മാനം ആര് കൊടുക്കും. പ്രത്യാശ നിർഭരമായ കുഞ്ഞിൻറെ മറുപടി ഇപ്രകാരമായിരുന്നു “യേശു അപ്പച്ചൻ“...... യു പി എഫ് നേതൃനിര, ശാരോൻ ഫെല്ലോഷിപ്പ് യു എ ഇ റീജിയൻ ഭാരവാഹികൾ, വിവിധ പെന്തെകൊസ്തു സഭകളിലെ ശുശ്രുഷകൻമാർ, ഗുഡ് ന്യൂസ് ഉൾപ്പടെ വിവിധ ക്രിസ്തീയ മാധ്യമ പ്രതിനിധികൾ,ഷാർജ ഇന്ത്യൻ സ്കൂൾ അധികൃതർ അദ്ധ്യാപകർ ഉൾപ്പെടെ സമൂഹത്തിലെ വിവിധ തുറകളിൽ നിന്നുള്ളവർ അനുശോചന സന്ദേശങ്ങൾ നൽകുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. ജബൽഅലി ക്രൈസ്റ്റ് ചർച്ചിൽ നടന്ന ശുശ്രുഷകൾക്കു ശാരോൻ ഫെല്ലോഷിപ്പ് യു എ ഇ റീജിയൻ പാസ്റ്റർ ജോൺസൻ ബേബി, ഐ പി സി യു എ ഇ റീജിയൻ പ്രസിഡൻറ് പാസ്റ്റർ വിൽസൺ ജോസഫ്, ഷാർജ ശാരോൻ ഫെല്ലോഷിപ്പ് സഭ ശുശ്രുഷകൻ പാസ്റ്റർ ഡോ.കെ.ബി.ജോർജുകുട്ടി എന്നിവർ നേതൃത്വം നൽകി

Published by UAE Region Media Team for SHARON FELLOWSHIP CHURCH U.A.E. REGION. Chief Editor : Pr. Biji Philip, Media Region Coordinator : Bro.Titus Podikkunju,
design and layout @ robin jacob, grace designs, trivandrum, sharontrumpetuae@gmail.com (For Private circulation inside the Church premises only)